-ലാണ് ഈ പരിഭാഷ പ്രസിദ്ധീകരിച്ചതെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. വിഗ്രഹത്തിന് അറുത്തത് ഭക്ഷിക്കൽ മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നതെന്ന് ഒരൊറ്റ ഖുർആൻ വ്യാഖ്യാതാവെങ്കിലും വിശദീകരിച്ചത് ഞാൻ കണ്ടിട്ടില്ല. ഇപ്രകാരം വ്യാഖ്യാനിക്കാത്തവർ ജമാഅത്തെ ഇസ്‌ലാമിയാണെങ്കിൽ അമാനി മൗലവി ഉൾപ്പെടെയുള്ളവരെല്ലാം ജമാഅത്തെ ഇസ്‌ലാമിയാകും. ഉമർ മൗലവിയെ ന്യായീകരിക്കാൻ വേണ്ടി ഈ സൂക്തത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഞാൻ അവസാനമായി എഴുതിയതിനോട് ജമാഅത്തെ ഇസ്‌ലാമിക്കും എതിർപ്പുണ്ടാവുകയില്ലെന്ന് ഉറപ്പിക്കുന്നു. “അല്ലാഹു അനുവദിച്ച ഭൗതിക വിഷയങ്ങളിൽ അവന്റെ നിയമത്തിന് എതിരാവാതെ നിയമങ്ങൾ ഉണ്ടാക്കുന്നതും അത് നടപ്പാക്കുന്നതും ഇസ്‌ലാം അനുവദിച്ചതാണ്. മതം മനുഷ്യർക്ക് വിശാലമാകാൻവേണ്ടി” (ഖുർആനിന്റെ വെളിച്ചം, 1/428).

**ഇബാദത്ത്: ഖുർആൻ വ്യാഖ്യാതാക്കൾ എന്തു പറയുന്നു?**

1. ‘നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു’ എന്ന *ഫാതിഹ*യിലെ നാലാം സൂക്തത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഇമാം ഖുർതുബി(റ) എഴുതുന്നു: സൂക്തത്തിന്റെ അർഥം ‘നിന്നെ ഞങ്ങൾ അനുസരിക്കുന്നു എന്നാണ്. ഇബാദത്ത് അനുസരണമാണ്. വിധേയത്വം കാണിക്കലും (തഫ്സീർ ഖുർതുബി, 1/195).

**إياك نعبد– معناه نطيع والعبادة الطاعة والتَّذَلّل – القرطبي)**


# പരസ്യം നൽകുന്നവർ ശ്രദ്ധിക്കുക

***പ്രബോധനം*** **വാരികയിലേക്ക് പരസ്യം സ്വീകരിക്കുന്ന അവസാന സമയം തിങ്കളാഴ്ച വൈകുന്നേരം നാലു മണി വരെയാണ്. അതിനു ശേഷം ലഭിക്കുന്ന പരസ്യങ്ങൾ അടുത്ത ലക്കത്തിലേ പ്രസിദ്ധീകരിക്കാൻ കഴിയൂ. സ്ഥാപനങ്ങളുടെ പരസ്യങ്ങൾ സ്വന്തമായി ഡിസൈൻ ചെയ്ത് നൽകണം. പിന്നീട് തിരുത്തലുകൾ വരാൻ സാധ്യതയുള്ളതിനാൽ പരസ്യങ്ങൾ ചെയ്തതിന്റെ വർക്ക് ഫയൽ പരസ്യത്തോടൊപ്പം അയക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക് പരസ്യ വിഭാഗവുമായി ബന്ധപ്പെടുക.**

**9447532190**

advtprabodhanam@gmail.com


2. നിങ്ങൾ പിശാചിന് ഇബാദത്തെടുക്കരുത് എന്ന് പറയുന്ന സൂറഃ *യാസീനി*ലെ 60-ാം സൂക്തത്തെ വ്യാഖ്യാനിച്ചുകൊണ്ട് തഫ്സീർ ജലാലൈനിയിൽ എഴുതുന്നു: നിങ്ങൾ അവനെ അനുസരിക്കരുത് (ജലാലൈനി).

**لا تطيعوه (جلالين)**

3. തഫ്സീർ ഇബ്നു ജരീറിൽ എഴുതുന്നു: അപ്പോൾ നിങ്ങൾ അവനെ അല്ലാഹുവിന് തെറ്റ് ചെയ്യുന്നതിൽ അനുസരിക്കരുത് (ഇബ്നു ജരീർ 23/24).

4. എന്നെ മാത്രം നിങ്ങൾ അനുസരിക്കുക (ഇബ്നു ജരീർ 23/25)

**واياي فأطيعوا (ابن جرير)**

5. ഇബ്നു കസീർ ഈ ആയത്തിനെ വ്യാഖ്യാനിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക: ഇത് അല്ലാഹുവിൽ നിന്നുള്ള സത്യനിഷേധികൾക്കുള്ള അടിയാണ്. ആദമിന്റെ സന്താനങ്ങളിൽ പെട്ട പിശാചിനെ അനുസരിക്കുന്നവരായ നിഷേധികൾക്ക് -അവനാണെങ്കിൽ അവർക്ക് വ്യക്തമായ ശത്രുവാണ്.

**هذا تقريع من الله للكفرة من بني آدم الذين اطاعوا الشيطان وهو عدو لهم مبين – ابن كثير**

6. ഇമാം റാസി(റ) എഴുതുന്നു: നിങ്ങൾ അവരെ അനുസരിക്കരുത്. അനുസരണം ഇബാദത്താണ് (റാസി 13/97).

**قوله : لا تعبدو الشيطان معناه لا تطيعوه فالطاعة عبادة – الرازى)**

7. ഇമാം സമഖ്ശരി(റ) എഴുതുന്നു: പിശാചിന് ഇബാദത്തെടുക്കുക എന്നതിന്റെ ഉദ്ദേശ്യം പിശാചിന്റെ വസ്‌വാസിലും അവൻ അലങ്കരിക്കുന്നതിലും അവനെ അനുസരിക്കുക എന്നതാണ് (തഫ്സീർ കശ്ശാഫ് 4/22).

**وعبادة الشيطان طاعته فيما يوسوس به اليهم ويزيّنه لهم**

ഞാൻ മുകളിൽ ഉദ്ധരിക്കാത്ത സർവ തഫ്സീറുകളിലും ഇബാദത്തിന് അനുസരണം എന്ന് പല സന്ദർഭങ്ങളിൽ പല സൂക്തങ്ങൾക്ക് അർഥം നൽകിയത് കാണാം. പി.കെ മൂസ മൗലവി, എ. അലവി മൗലവി, അമാനി മൗലവി എന്നിവർ ചേർന്ന് തയാറാക്കിയ ഖുർആൻ പരിഭാഷയിൽ എഴുതുന്നു: ഭാഷാർഥം നോക്കുമ്പോൾ താഴ്മ കാണിക്കൽ, ഭക്തി അർപ്പിക്കൽ, കീഴ്പ്പെടൽ, അനുസരിക്കൽ, വണങ്ങൽ, അടിമ വേല ചെയ്യൽ, ആരാധിക്കൽ, പുണ്യം ചെയ്യൽ എന്നിങ്ങനെയുള്ള അർഥങ്ങളിൽ സന്ദർഭോചിതം ഇബാദത്ത് എന്ന പദം വരാവുന്നതാണ് (വിശുദ്ധ ഖുർആൻ, വിവരണം രണ്ടാം പകുതി, വാല്യം 2, 1967 പേജ് 504). *ജമാഅത്തെ ഇസ്‌ലാമിയും വിമർശകരും* എന്ന പേരിൽ ശൈഖ് മുഹമ്മദ് കാരകുന്ന് എഴുതിയ പുസ്തകത്തിൽ നിന്ന് ഉദ്ധരിച്ചതാണ് ഈ ഭാഗം. ഇത് കളവും അടിസ്ഥാന രഹിതമായി എഴുതിയതുമാണെന്ന് ഒരു മുജാഹിദ് പണ്ഡിതനും മറുപടി എഴുതിയത് ഇതുവരെ എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഈ വിഷയകമായി ഞാനും എവിടെയും മറുപടി എഴുതിയിട്ടില്ല. എന്റെ പിതാവിന് നഹ്‌വ് അറിയുകയില്ലെന്ന് സുന്നികൾ പോലും പറയാറില്ല. *പ്രബോധനം* അഭിമുഖത്തിൽ ഞാൻ പറഞ്ഞതെല്ലാം *യുവത ബുക്സ്* അടുത്തിടെ പ്രസിദ്ധീകരിച്ച ‘ഇസ്‌ലാം മൗലിക പാഠങ്ങൾ’ എന്ന എന്റെ പുസ്തകത്തിലും എഴുതിയിട്ടുണ്ട് (പേജ് 202 മുതൽ അധ്യായങ്ങൾ: നിയമനിർമാണാധികാരത്തിൽ പങ്കുചേർക്കൽ, നിരുപാധികമായ അനുസരണം, ദേഹേഛക്ക് കീഴ്പ്പെടൽ).

■

(തുടരും)